## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1528

31.01.2018 - ൽ
മറുപടിയ്ക്ക്

### ആരോഗ്യമുള്ള വിത്തുകൾ നൽകുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) നെൽകൃഷി ഉൾപ്പെടെ എല്ലാത്തരം കൃഷിക്കും 'നല്ല വിളവുകൾ' ലഭിക്കുന്നതിനായി ആരോഗ്യമുള്ള വിത്തുകൾ കൃഷി വകുപ്പു മുഖേന നേരിട്ട് കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ? | എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തും നടീൽ വസ്തുക്കളും കർഷകർക്ക് നേരിട്ട് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുമുള്ള നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, നാഷണൽ സീഡ്സ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേൻമയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന കർഷകർക്ക് നൽകുന്നുണ്ട്. കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ച് സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ